**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 515** **13-10-2026-ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. കെ. പ്രവീൺ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 14-06-2021-ലെ G.O.(P) No. 65/2021/RD ഉത്തരവ് പ്രകാരം 2013-ലെ RFCTLARR Act-ലെ സെക്ഷൻ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചു; സ്കെച്ച് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

**(ബി)** കണ്ണൂർ ജില്ലയിൽ ഇത്തരം വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** കണ്ണൂർ ജില്ലയിൽ വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**